www.gospelinmalayalam.com

# REVELATION

## CHAPTER - 10

### Mighty Angel & the little scroll

[7-ാം അദ്ധ്യായം പഠിച്ചപ്പോൾ നാം കണ്ടു ഒരു Paranthelical event അഥവാ [ ] Bracketed event] അതുപോലെ 6-ാം കാഹളത്തിനു ശേഷം 7-ാം കാഹളം ഊതുന്ന (11:15) സമയം തുടർച്ചയായി നടക്കുന്ന സംഭവമാണ്. എന്നാൽ അതിലെ ഒരു Paranthetical event. [ ] Bracketed Description.[10:1- 11:14] വരെ നാം കാണാൻ പോകയാണ്. Additional information on the background for seal & trumpet judgement].

Rev.10:1-4 ***ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നിറങ്ങുന്നതു ഞാൻ കണ്ടു. അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ലു ധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണു പോലെയും ഉള്ളവൻ. അവന്റെ കയ്യിൽ തുറന്നോരു ചെറുപുസ്തകം ഉണ്ടായിരുന്നു. അവൻ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിയിന്മേലും വെച്ചു, സിംഹം അലറും പോലെ അത്യുച്ചത്തിൽ ആർത്തു; ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി. ഏഴു ഇടിനാദം മുഴക്കിയപ്പോൾ ഞാൻ എഴുതുവാൻ ഭാവിച്ചു; എന്നാൽ ഏഴു ഇടി മുഴക്കിയതു എഴുതാതെ മുദ്രയിട്ടേക്ക എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു.***

ബലവാനായ മറ്റൊരു ദൂതൻ- ഈ ദൂതന്റെ വിവരങ്ങൾ വളരെയധികം dramatic ആണ്.- മേഘം ഉടുത്തിരിക്കുന്നു. ആകാശവില്ലു ധരിച്ചിരിക്കുന്നു. മുഖം സൂര്യനെപ്പോലെ- കാൽ തീത്തൂണു പോലെ- അവന്റെ കൈയിൽ തുറന്നോരു പുസ്തകം- വലങ്കാൽ സമുദ്രത്തിൻമേൽ ഇടങ്കാൽ ഭൂമിമേൽ- സിംഹം അലറും പോലെ അത്യുച്ചത്തിൽ ആർത്തു- ഇടി മുഴങ്ങി. ഏഴു നാദം മുഴങ്ങി. ഇടി മുഴങ്ങിയ കാര്യം എഴുതാതെ മുദ്രയിട്ടേക്ക എന്ന ശബ്ദം സ്വർഗ്ഗത്തിൽ നിന്നും കേട്ടു. - ഈ വ്യക്തി ആര്? മറ്റു പലസ്ഥലത്തും കാണും പോലെ ഇവിടെയും രണ്ടഭിപ്രായം നിലനിൽക്കുന്നു. ഒന്ന്- ഇത് ഒരു ബലവാനായ ദൂതൻ എന്ന്-Michael ആകും. ഈ സന്ദർഭത്തിനു ചേർന്ന ഒരു background ൽ നാം യോഹന്നാനിലൂടെ ദർശിക്കുന്നു എന്നു മാത്രം. - എന്നാൽ ഇതു കർത്താവു തന്നെ എന്നും അഭിപ്രായം ഉണ്ട്. കാരണം വിവരണങ്ങൾ ഒക്കെ നേരത്തെ കർത്താവിനെ യോഹന്നാൻ കണ്ടതിനു ചേർന്ന രീതിയിലായതിനാൽ. രണ്ടഭിപ്രായവും Logic നു ചേരുന്നുണ്ട്. അതിനാൽ യുക്തമെന്നു തോന്നുന്നത് വിശ്വസിച്ചു കൊള്ളാൻ നമുക്ക് സ്വാതന്ത്ര്യം ഉണ്ട്. ദൂതന്റെ കൈയിൽ കണ്ട ചെറിയ പുസ്തകം അവൻ പ്രസ്താവിക്കാൻ പോകുന്നവയുടെ summary ആകാം. 7 ഇടിമുഴക്കത്തോടു ചേർന്നു കേട്ട കാര്യങ്ങൾ എഴുതണ്ട എന്നു പറഞ്ഞിരിക്കുന്നു.- കാരണം അത് നാം ഇപ്പോൾ അറിയേണ്ട വിഷയമായിരിക്കയില്ല. അവയെ മുദ്രയിട്ടേക്കാൻ സ്വർഗ്ഗത്തിൽ നിന്നും ശബ്ദം ഉണ്ടായി.

-ഈ 1-4 വരെയുള്ള വാക്യങ്ങൾ ഏതായാലും ഭൂമിമേലുള്ള ന്യായവിധിയുടെ പൂർണ്ണ നിയന്ത്രണം സ്വർഗ്ഗത്തിലുള്ള ദൈവം തന്നെ- എന്നു വീണ്ടും സ്ഥാപിക്കുകയാണ്.

Rev.10:5-7 ***സമുദ്രത്തിന്മേലും ഭൂമിമേലും നില്കുന്നവനായി ഞാൻ കണ്ട ദൂതൻ വലങ്കൈ ആകാശത്തേക്കു ഉയർത്തി: ഇനി കാലം ഉണ്ടാകയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവത്തിയാകുമെന്നു ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു.***

1- മുതൽ 4 വരെ കണ്ട ദൂതന്റെവർണ്ണന 5-7 വരെയുള്ള വസ്തുത വിവരിക്കാൻ പോകുന്നു. അതിന്റെ background preperation ആയിരുന്നു- പ്രധാന വിഷയം ഇതത്രെ. 5-7 വരെ പറഞ്ഞിരിക്കുന്നത്. 'There will be no more delay'. ഇനിതാമസം ഉണ്ടാകയില്ല.

സ്വർഗ്ഗാധിസ്വർഗ്ഗത്തിനധിപതിയാം ദൈവത്തെച്ചൊല്ലി സത്യം ചെയ്യുന്നു. Judgement will take place at Ripe time. ഇനിയും ഊതുവാനുള്ള 7-ാം കാഹളം ഊതുമ്പോൾ 'ദൈവത്തിന്റെ മർമ്മം' നിവൃത്തിയാകും.

-ദൈവം കാലാകാലങ്ങളിൽ തന്റെ പ്രവാചകന്മാർക്കു വെളിപ്പെടുത്തിക്കൊടുത്ത "ദൈവ

ത്തിന്റെ മർമ്മം" - പ്രവചനങ്ങളുടെ നിവൃത്തി വേഗത്തിൽ നടക്കും.

-The glorious return of The Son of God- and the establishment of His Kingdom on earth . Kingdom of righteousness and peace on earth.

Jer: 31:34 ഇനി അവരിൽ ആരും കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും. അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു.

ഇന്ന് ഈ ലോകത്തിന്റെ അധിപതിയായ സാത്താൻ സകല അനുഗ്രഹങ്ങളെയും തകിടം മറിച്ചിരിക്കുകയാണ്. ഇന്നു ദൈവരാജ്യം ദൈവമക്കളുടെ ഹൃദയങ്ങളിൽ മാത്രമേയുള്ളൂ. അത് ഭൂമിയിലേക്കു വ്യാപിപ്പിക്കുന്ന സമയം സാത്താനെ ബന്ധനസ്ഥനാക്കേണം- അതിനുള്ള സമയം വരുന്നു എന്നാണ് ദൈവത്തിന്റെ മർമ്മം നടക്കും എന്നതിന്റെ താത്പര്യം. ഇന്നു സാത്താന്റെ മർമ്മം ലോകത്തിൽ വ്യാപരിക്കുന്നു. - എപ്പോൾ ഈ വക നിറവേറും. 7-ാം കാഹളത്തിന്റെ കാലത്ത്.

യോഹന്നാനോടു കല്പിക്കുന്നു - പോയി പുസ്തകം ദൂതന്റെ കൈയിൽ നിന്നും വാങ്ങുക. വാങ്ങി തിന്നുക. what is the meaning. അത് ഇനി നടക്കുവാനുള്ള സംഗതികളുടെ summary ആയിരുന്നു. യോഹന്നാൻ അത് മനസ്സിലാക്കി.

Rev10:8-11 ***ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദം പിന്നെയും എന്നോടു സംസാരിച്ചു: നീ ചെന്നു സമുദ്രത്തിന്മേലും ഭൂമിമേലും നില്കുന്ന ദൂതന്റെ കയ്യിൽ തുറന്നിരിക്കുന്ന പുസ്തകം വാങ്ങുക എന്നു കല്പിച്ചു. ഞാൻ ദൂതന്റെ അടുക്കൽ ചെന്നു ആ ചെറു പുസ്തകം തരുവാൻ പറഞ്ഞു. അവൻ എന്നോടു: നീ ഇതു വാങ്ങി തിന്നുക; അതു നിന്റെ വയറിനെ കൈപ്പിക്കും എങ്കിൽ വായിൽ തേൻ പോലെ മധുരിക്കും എന്നു പറഞ്ഞു. ഞാൻ ദൂതന്റെ കയ്യിൽ നിന്നു ചെറുപുസ്തകം വാങ്ങി തിന്നു; അതു എന്റെ വായിൽ തേൻ പോലെ മധുരമായിരുന്നു; തിന്നു കഴിഞ്ഞപ്പോൾ എന്റെ വയറു കൈച്ചു പോയി. അവൻ എന്നോടു: നീ ഇനിയും അനേകം വംശങ്ങളേയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കേണ്ടിവരും എന്നു പറഞ്ഞു.***

Jer 15:16 ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിനു ആനന്ദവുമായി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ.

അതിനാൽ He has to prophesy it.അവൻ പ്രവചിക്കാൻ ബാധ്യസ്ഥനാണ്. ഈ വചനം നീ പ്രസ്ഥാവിക്ക.

Sweet in his mouth- എന്തെന്നാൽ അതു ദൈവത്തിന്റെ വചനം ആയിരുന്നു. -Sweet with its revelation of the grace of God.- ദൈവമക്കൾക്കുള്ള അനവധി വാഗ്ദത്തങ്ങൾ അടങ്ങിയ പുസ്തകം. യോഹന്നാന്റെ പത്മോസിലെ അനുഭവങ്ങളുമായി വളരെ അന്തരം ഉള്ള revelation.

Ps 19:9-10 ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിന്നു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു. ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം കേൾപ്പാനുമില്ല. ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു; അവിടെ അവൻ സൂര്യന്നു ഒരു കൂടാരം അടിച്ചിരിക്കുന്നു. അതു മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളന്നു തുല്യം; വീരനെപ്പോലെ തന്റെ ഓട്ടം ഓടുവാൻ സന്തോഷിക്കുന്നു. ആകാശത്തിന്റെ അറ്റത്തുനിന്നു അതിന്റെ ഉദയവും അറുതിവരെ അതിന്റെ അയനവും ആകുന്നു; അതിന്റെ ഉഷ്ണം ഏല്ക്കാതെ മറഞ്ഞിരിക്കുന്നതു ഒന്നുമില്ല. യഹോവയുടെ ന്യായപ്രമാണം തികവുള്ളതു; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അതു അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു. യഹോവയുടെ ആജ്ഞകൾ നേരുള്ളവ; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; യഹോവയുടെ കല്പന നിർമ്മലമായതു; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു. യഹോവാഭക്തി നിർമ്മലമായതു; അതു എന്നേക്കും നിലനില്ക്കുന്നു; യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു. അവ


Fleettech, Puthuppally 0481 2351 626
www.gospelinmalayalam.com

പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ; തേനിലും തേങ്കട്ടയിലും മധുരമുള്ളവ.

ഇതു വിശ്വാസികൾക്ക്, അഥവാ ദൈവമക്കൾക്ക് Honey ആയിത്തീരുന്നുവെങ്കിൽ, അഭക്തന്റെ, പാപിയുടെയും സ്ഥിതി എന്ത്?

Bitter- കൈപ്പുള്ളത്. കാരണം ദൈവത്തിന്റെ ന്യായവിധി അവരുടെ മേൽ വരുന്നു.

Rev.10:11 ***അവൻ എന്നോടു: നീ ഇനിയും അനേകം വംശങ്ങളേയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കേണ്ടിവരും എന്നു പറഞ്ഞു.***

ഇതിനീ പ്രവചിക്കാൻ ധാരാളം കാര്യങ്ങൾ ബാക്കിയുണ്ട്. പ്രവചിക്കാനായി യോഹന്നാനെ അധികാരപ്പെടുത്തുന്നു. വംശങ്ങളെയും– ജാതികളെയും – ഭാഷകളെയും – രാജാക്കന്മാരെയും കുറിച്ച് നീ ഇനിയും പ്രവചിക്കണം.

www.gospelinmalayalam.com